**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1285** **12-02-2025 - ൽ മറുപടിയ്ക്ക്**

**ദേശീയപാത പദ്ധതികളുടെ സ്ഥലമേറ്റെടുപ്പിനായി തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 66 പദ്ധതിയുടെ സ്ഥലമേറ്റെടുപ്പിനായി സംസ്ഥാന സർക്കാരിന്റെ വിഹിതം പൂർണ്ണമായും നൽകാൻ സാധിക്കില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് കേന്ദ്ര സർക്കാരിനെ അറിയിച്ചിരിക്കുന്ന കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ദേശീയപാത 66ന്റെ വീതി കൂട്ടൽ പ്രവൃത്തികൾക്ക് സ്ഥലമേറ്റെടുപ്പിന് ആവശ്യമായ തുകയുടെ 25% സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന കേന്ദ്ര ഉപരിതലഗതാഗത വകുപ്പിന്റെ ആവശ്യം അംഗീകരിച്ച്, സംസ്ഥാന വിഹിതം കിഫ്ബി മുഖേന നൽകുന്നതിനായി സംസ്ഥാനസർക്കാർ, കിഫ്ബി, ദേശീയപാത അതോറിറ്റി എന്നിവർ ഉൾപ്പെട്ട ത്രികക്ഷികരാർ ഒപ്പിടുന്നതിന് അംഗീകാരം നൽകിയിരുന്നു. ദേശീയപാത 66ന്റെ ഭൂമി ഏറ്റെടുക്കലിന്റെ സംസ്ഥാന വിഹിതമായി ഇതുവരെ 5580,73,80,076/-രൂപ ദേശീയപാത അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.<br><br>ദേശീയപാത 66 ന്റെ സ്ഥലമേറ്റെടുപ്പിന് സംസ്ഥാന വിഹിതം പൂർണമായും നൽകാൻ സാധിക്കില്ല എന്ന് നിലവിൽ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടില്ല. |
| (ബി) | ദേശീയപാത നിർമാണ സാമഗ്രികളുടെ ജി.എസ്.ടി. വേണ്ടെന്നുവെച്ചാൽ സ്ഥലമേറ്റെടുപ്പിനുള്ള സംസ്ഥാന വിഹിതം നൽകേണ്ടതില്ലെന്ന് കേന്ദ്രം സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാനം സ്വീകരിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | കൊല്ലം ചെങ്കോട്ട (ദേശീയപാത 744), എറണാകുളം ബൈപ്പാസ് (ദേശീയപാത 544) എന്നീ ദേശീയപാതകളുടെ നിർമ്മാണത്തിന് ആവശ്യമായ വസ്തുക്കളുടെ റോയൽറ്റി, ചരക്കു സേവന നികുതിയിലെ സംസ്ഥാന വിഹിതം എന്നിവ ഒഴിവാക്കുന്നതിന് സംസ്ഥാനം അംഗീകാരം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ഏകദേശം 741.35 കോടി രൂപ സർക്കാരിന് ലഭിക്കേണ്ടിയിരുന്നത് വേണ്ട എന്ന് വയ്ക്കേണ്ടിവരും. വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ ഭൂമി ഏറ്റെടുക്കലിന്റെ 50% തുക, സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക, എന്നിവ വഹിക്കുന്നതിനൊപ്പം നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി, ചരക്കു സേവന നികുതിയിലെ സംസ്ഥാന വിഹിതം എന്നിവ ഒഴിവാക്കുന്നതിനും സംസ്ഥാനം അംഗീകാരം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്.1629.24 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത സംസ്ഥാനം വഹിക്കും.<br><br>06.012.2024-ൽ ബഹു.മുഖ്യമന്ത്രിയും ബഹു.കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയും നടത്തിയ യോഗത്തിൽ ഭാവിയിലുള്ള പദ്ധതികൾക്ക് ഭൂമിയേറ്റെടുക്കലിന്റെ സംസ്ഥാന വിഹിതം നൽകുന്നതിന് പകരമായി നിർമ്മാണ വസ്തുകളുടെ റോയൽറ്റി, ചരക്കുസേവന നികുതി എന്നിവ ഒഴിവാക്കുന്നത് പരിശോധിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ദേശീയപാത അതോറിറ്റിയുമായി കരാർ ഒപ്പിടുന്നത് സംസ്ഥാന സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ